1. 31-7-1991-ലെ സ.ഉ.(പി) നമ്പർ 436/91/ധന പ്രകാരം സർക്കാർ ജീവനക്കാർക്ക് രണ്ടാം മോർട്ട്ഗേജ് വഴി മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും അടിസ്ഥാന ശമ്പളത്തിന്റെ 70 ഇരട്ടി (പരമാവധി 3 ലക്ഷം രൂപ വരെ) വായ്പാ ലഭിക്കും എന്ന് ഉത്തരവായിട്ടുണ്ട്.

2. 7-5-1997-ലെ സ.ഉ.(പി) നമ്പർ 528/97/ധന പ്രകാരം വായ്പാ പരിധി അടിസ്ഥാന ശമ്പളത്തിന്റെ 90 ഇരട്ടി (പരമാവധി 4 ലക്ഷം രൂപ വരെ) ഉയർത്തി.

3. 22-7-1999-ലെ സ.ഉ.(പി) നമ്പർ 1610/99/ധന പ്രകാരം വായ്പാ പരിധി അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടി (പരമാവധി 10 ലക്ഷം രൂപ വരെ) ഉയർത്തി ഉത്തരവായി.

4. 11-2-2008-ലെ സ.ഉ.(പി) നമ്പർ 76/08/ധന പ്രകാരം സർക്കാർ ജീവനക്കാർക്ക് രണ്ടാം മോർട്ട്ഗേജ് വഴി മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വിദ്യാഭ്യാസ വായ്പകൂടി എടുക്കാമെന്ന് ഉത്തരവായിട്ടുണ്ട്.

5. 18-2-2013-ലെ സ.ഉ.(പി) നമ്പർ 87/13/ധന പ്രകാരം വായ്പാ പരിധി അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടി (പരമാവധി 25 ലക്ഷം രൂപ വരെ) ഉയർത്തി ഉത്തരവായി.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ

99 (1925) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന 10-ാം ശമ്പള പരിഷ്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് കമ്മീഷനെ നിയമിച്ചതുമുതൽ നാളിതുവരെ ഉദ്യോഗസ്ഥ പ്രവർത്തനങ്ങൾക്കും മറ്റ് പ്രവൃത്തികൾക്കുമായി സർക്കാർ ഖജനാവിൽ നിന്നും ചെലവായ തുക എത്ര ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) 10-ാം ശമ്പള കമ്മീഷൻ ചെയർമാൻ ഇക്കാലയളവിൽ സർക്കാരിൽ നിന്നും സ്വീകരിച്ച (ശമ്പളം ഉൾപ്പെടെയുള്ള) സാമ്പത്തിക ആനുകൂല്യങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ശമ്പള കമ്മീഷന്റെ പ്രവർത്തനത്തിനായി ഏതെല്ലാം ഇനത്തിൽപ്പെട്ട എത്ര വാഹനങ്ങൾ നാളിതുവരെ അനുവദിച്ചിട്ടുണ്ട് ; ഓരോ വാഹനത്തിനും നാളിതുവരെ ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ ;

(ഡി) ശമ്പള കമ്മീഷൻ ചെയർമാൻ മറ്റേതെങ്കിലും കമ്മീഷന്റെ ഭാഗമായോ, ചെയർമാനായോ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ ; വിശദമാക്കുമോ; എങ്കിൽ ഇവയിൽനിന്നും ശമ്പളം/ടി.എ./ഡി.എ. ഉൾപ്പെടെ എത്ര തുക നാളിതുവരെ കൈപ്പറ്റിയെന്നും എത്ര വാഹനങ്ങൾ ഇപ്പോഴും ഉപയോഗിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) ഇപ്രകാരം പല ശമ്പളവും പെൻഷനും ഉൾപ്പെടെ ശമ്പള കമ്മീഷൻ ചെയർമാൻ സംസ്ഥാന സർക്കാർ ഖജനാവിൽ നിന്ന് പ്രതിമാസം എത്ര രൂപ കൈപ്പറ്റുന്നുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) 10-ാം ശമ്പള പരിഷ്കരണ റിപ്പോർട്ട് എന്നാണ് കമ്മീഷൻ സർക്കാരിന് സമർപ്പിച്ചത് ; ഇത് നടപ്പിലാക്കാൻ സർക്കാർ നിയോഗിച്ച മന്ത്രിസഭാ ഉപസമിതി നാളിതുവരെ കൂടിയില്ലെങ്കിൽ അതിന്റെ കാരണമെന്ത് ; ഉപസമിതി അംഗങ്ങൾ ആരൊക്കെ ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ചെയർമാൻ, മെമ്പർ സെക്രട്ടറി, മെമ്പർ എന്നിവർക്ക് ശമ്പളമായി 39,55,644 രൂപയും മറ്റ് ജീവനക്കാർക്കുള്ള ശമ്പളം, ടി.എ. മറ്റ് അലവൻസുകൾ എന്നീ ഇനത്തിൽ നാളിതുവരെ 1,45,60,919 രൂപയും ശമ്പളേതര ഇനത്തിൽ 39,14,193 രൂപയും ചെലവായിട്ടുണ്ട്.

(ബി)	ശമ്പളം	-	13,18,548
	യാത്രാബത്ത	-	1,42,500
	ഇന്ധന ചെലവ്	-	1,74,190
	ആകെ	-	16,35,238

(സി) ശമ്പള കമ്മീഷൻ ഉപയോഗത്തിനായി സർക്കാരിൽനിന്നും 3 വാഹനങ്ങളും കരാർ അടിസ്ഥാനത്തിൽ ഒരു വാഹനവും കമ്മീഷൻ ഉപയോഗിക്കുന്നു. ഓരോ വാഹനത്തിനും നാളിതുവരെ ചെലവായ തുക ചുവടെ ചേർക്കുന്നു:

മഹീന്ദ്ര ബൊലേറോ	ഫോർഡ് ഫിയസ്റ്റ	ടൊയോട്ട കൊറോള	കരാർ വാഹനം
68,626	78,574	1,67,172	2,96,600

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശമ്പള കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കേരള ഡാം സേഫ്റ്റി അതോറിറ്റി ചെയർമാനായും പ്രവർത്തിക്കുന്നുണ്ട്. ടി ഓഫീസിൽനിന്നും കൈപ്പറ്റിയ സാമ്പത്തിക ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമല്ല. ശമ്പള കമ്മീഷനിൽനിന്നും ചെയർമാന് വാഹനം അനുവദിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം ഡാം സേഫ്റ്റി അതോറിറ്റി ചെയർമാന്റെ വാഹനം ശമ്പള കമ്മീഷൻ ആവശ്യത്തിനും ഉപയോഗിക്കാൻ അനുവദിച്ചിട്ടുണ്ട്. കമ്മീഷൻ ആവശ്യത്തിനുള്ള ഉപയോഗത്തിന്റെ ഇന്ധന ചെലവ് മാത്രമേ ഈ ഓഫീസ് അനുവദിച്ചിട്ടുള്ളൂ.

(ഇ) ശമ്പള കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർക്ക് പ്രതിമാസം 50,000 രൂപ വീതം 31-3-2015 വരെയും 1-4-2015 മുതൽ 75,000 രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

(എഫ്) പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ട് 13-7-2015-ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കാൻ സർക്കാർ നിയോഗിച്ച മന്ത്രിസഭാ ഉപസമിതി 3-12-2015-ന് കൂടിയിട്ടുണ്ട്.

ഉപസമിതിയുടെ അംഗങ്ങൾ :

മുഖ്യമന്ത്രി - കൺവീനർ

ആഭ്യന്തര വകുപ്പുമന്ത്രി

വ്യവസായ-വിവര സാങ്കേതികവിദ്യാ വകുപ്പുമന്ത്രി

ഊർജ്ജ വകുപ്പുമന്ത്രി

2014-15 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുക

100 (1926) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2014-15 സാമ്പത്തികവർഷം വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുകയിൽ ഏതെല്ലാം പദ്ധതികൾക്ക് തുക ചെലവഴിച്ചില്ല എന്നറിയിക്കുമോ ; പ്രസ്തുത പദ്ധതികൾക്ക് വേണ്ടി തുക വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

ഉത്തരം

2014-15 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് അനുവദിച്ച പദ്ധതികളിൽ തുക ചെലവഴിച്ചിട്ടില്ലാത്ത പദ്ധതികളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly